



അസ്ഹർ അബ്ദുല്ല വി. സി

*ഒന്നാം വർഷം എം. എസ്. സി . ഫിസിക്സ്*



നിലാവ്
ജാക്സൺ
അലീഷ
ഗാംഗുലി
അമീർഖാൻ
ഉത്തരാധുനികത
പെപ്സി
പിന്നെ
പിന്നെ
പിന്നെ
പിന്നെ.....

# ഇന്ന്.....




ആധുനിക കാമ്പസുകളെ പഴയകാല കാമ്പസുകളുമായി താരതമ്യം ചെയ്യുമ്പോൾ ആനുകാലിക വിദ്യാർത്ഥി സമൂഹത്തിന്റെ ഗതിവിഗതികൾ സ്പഷ്ടമായി മനസ്സിലാക്കാൻ സാധിക്കും. പഴയ വിദ്യാർത്ഥി സമൂഹത്തിൽ നിലനിന്നിരുന്ന ആദർശ ബോധവും വിപ്ലവവീര്യവും സമകാലിക വിദ്യാർത്ഥി സമൂഹത്തിന് അന്യമായി തീർന്നിരിക്കുന്നു. ഉപഭോഗ സംസ്കാരത്തിന്റെ കുത്തൊഴിക്കിൽ സ്വന്തം വ്യക്തിത്വം പോലും നഷ്ടപ്പെട്ട പാശ്ചാത്യ സംസ്കാരത്തെ അനുധാവനം ചെയ്യുന്ന ദിശാബോധം നഷ്ടപ്പെട്ട വിദ്യാർത്ഥി സമൂഹത്തെയാണ് ഇന്നിന്റെ കാമ്പസുകളിൽ കാണാൻ സാധിക്കുന്നത്.

കലാപകലുഷിതമായ അന്തരീക്ഷം. സ്വത്വത്തിലേക്ക് ഉൾവലിയുന്ന സങ്കുചിത താൽപര്യങ്ങളാൽ നയിക്കപ്പെടുന്ന വിദ്യാർത്ഥികൾ. മൽസര ലോകത്ത് പിടിച്ചു നിൽക്കാൻ സൗഹൃദം പോലും വേണ്ടെന്ന് വെക്കുന്നു. സ്നേഹ ബന്ധങ്ങൾക്ക് സ്ഥാനമില്ലാതായിരിക്കുന്നു. ധാർമ്മിക മൂല്യങ്ങൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു. സാമൂഹ്യ ബന്ധങ്ങൾ തകർന്നിരിക്കുന്നു അനുകരണത്തിന്റെ ലോകം. ഋതിക്റോഷനിലും കരീഷ്മ കപൂറിലും സായൂജ്യം കണ്ടെത്തുന്ന വിദ്യാർത്ഥികൾ. ഇതാണ് ആധുനിക കലാലയത്തിന്റെ മുഖചിത്രം.

ആധുനിക മാധ്യമങ്ങൾ വിദ്യാർ ത്ഥികളിൽ ചെലുത്തുന്ന സ്വാധീനം തെല്ലൊന്നുമല്ല. പ്രത്യേകിച്ചും ഉപഭോഗ സംസ്കാര തൃഷ്ണ വളർത്തുന്നതിൽ പരസ്യങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. പഴയകാലങ്ങളിൽ മുഖവ്യായാമത്തിന് നിർദ്ദേശിക്കപ്പെട്ടിരുന്നത് അധരങ്ങളിൽ വിരിയുന്ന പുഞ്ചിരികളായിരുന്നു. എന്നാൽ വിവിധതരം ചൂയിംഗങ്ങളാണ് മുഖവ്യായാമത്തിന് ഉത്തമമെന്ന് വിദ്യാർത്ഥിലോകം തെറ്റിദ്ധരിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ മനസ്സ് തുറന്ന് ചിരിക്കാൻ പോലും മടിക്കുന്ന വിദ്യാർത്ഥികളെയാണ് കാണാൻ സാധിക്കുന്നത്. തന്റെ മുഖകാന്തിക്ക് കുത്തക കമ്പനികളുടെ വിവിധയിനം ഫേസ്ക്രീമുകളും കേശസൗന്ദര്യത്തിന് ഹെയർ ഓയിലുകളുമാണ് ഉത്തമമെന്ന് അവർ തെറ്റിദ്ധരിച്ചി

രിക്കുന്നു. പച്ച മഞ്ഞളും രക്തചന്ദനവും ചെമ്പരത്തി താളിയുമെല്ലാം ഇന്ന വർക്ക് അന്യമായിരിക്കുന്നു.

ആഗോളവൽക്കരണവും, സ്വകാര്യവൽക്കരണവും, ഉദാരവൽക്കരണവും വിഷയീഭവിക്കുമ്പോൾ കാമ്പസുകൾ മൗനം പാലിക്കുകയാണ്. സാമൂഹ്യ പ്രശ്ന ങ്ങളെ കുറിച്ചുള്ള ചർച്ചകൾ കലാലയങ്ങളിൽ വിരളമായേ കാണാൻ സാധി ക്കുന്നുള്ളൂ, സഹജീവികളുടെ നൊമ്പരങ്ങൾ മനസ്സിലാക്കാൻ വിദ്യാർത്ഥി സമൂഹം ശ്രമിക്കുന്നില്ല. വിദ്യാർത്ഥി രാഷ്ട്രീയം ഇന്ന് അക്രമത്തിന്റെ പാതയി ലാണ്. ജനാധിപത്യ മര്യാദകൾ കാറ്റിൽ പറത്തികൊണ്ടുള്ള ചെയ്തികൾ കലാ ലയങ്ങളെ സാമൂഹ്യദ്രോഹികളുടെ കൂത്തരങ്ങാക്കി മാറ്റിയിരിക്കുന്നു. ഗുരു ശിഷ്യ ബന്ധം പാടെ തകർന്നിരിക്കുന്നു. അദ്ധ്യാപകരുമായി ആശയ വിനിമയം നടത്താൻ വിദ്യാർത്ഥി സമൂഹം വൈമനസ്യം കാണിക്കുന്നു.





അനവധി ആശങ്കകൾ നില നിൽക്കുന്നുവെങ്കിലും കാമ്പസുകൾ ആശാകേന്ദ്രം കൂടിയാണ്. സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടു ന്നതിലും രാഷ്ട്ര പുനർ നിർമ്മാണ ത്തിലും കലാല യങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യ യുടെ പ്രഥമ പ്രധാന മന്ത്രി യായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളെ അന്വർ ത്ഥ മാക്കുംവിധം ഭരണചക്രം തിരിക്കാൻ കഴി വുള്ള ഭരണ കർത്താക്ക ളേയും ഉദ്യോഗസ്ഥരേയും സൃഷ്ടിച്ചെടുക്കുന്നത് കാമ്പസുകളാണ്. വിദ്യാഭ്യാസ വിചക്ഷണനും ദാർശനികനും ഇന്ത്യയുടെ രാഷ്ട്രപതിയുമായിരുന്ന രാധാകൃഷ്ണന്റെ നിർദ്ദേശങ്ങളെ സാക്ഷാത്കരിക്കും വിധം ചിത്രകാരൻമാരേയും നർത്തകരേയും ഗായകരേയും സൃഷ്ടിച്ചെടു ക്കുന്നതും കാമ്പസുകളാണ്. ഭിഷഗ്വരന്മാരും സാങ്കേതിക വിദഗ്ധരും, ശാസ്ത്ര ജ്ഞരുമെല്ലാം കാമ്പസിന്റെ സൃഷ്ടികളാണ്. ഇപ്രകാരം സമൂഹത്തിന്റെ മുഖ്യ ധാരയിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളെ സൃഷ്ടിച്ചെടുക്കുന്നതിൽ കലാല യങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്.

സമൂഹത്തിന്റെ തുടിപ്പുകൾ പ്രതിഫലിക്കുന്നത് കലാലയങ്ങളിലാണ്. സാമൂ ഹ്യമാറ്റങ്ങൾ ആദ്യം ദൃശ്യമാകുന്നതും കലാലയങ്ങളിലാണ്. കേരളത്തിലെ സർവ്വകലാശാലകൾ ഈയിടെ നടപ്പാക്കിയ നിർബന്ധിത സാമൂഹ്യ സേവനം വിദ്യാർത്ഥികളെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിക്കു ന്നുണ്ട്. ജീവിത ഗന്ധിയായ അനുഭവങ്ങളിലൂടെ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുവാൻ പ്രസ്തുത പദ്ധതി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. നാഷണൽ സർവ്വീസ് സ്കീമിലൂടെ വിദ്യാർത്ഥികൾ സാമൂഹ്യ പ്രതിബദ്ധത ആർജ്ജിക്കുന്നു. നാഷണൽ കേഡറ്റ് കോർപ്സ് വിദ്യാർത്ഥികളിൽ രാഷ്ട്ര സേവനവും അച്ചടക്കബോധവും വളർത്തുന്നു. ശാസ്ത്രക്ലബുകളിലൂടെ ശാസ്ത്ര ബോധവും ബ്ലഡ് ഡൊണേഴ്സ് ഫോറത്തിലൂടെ സേവന സന്നദ്ധതയും വളർത്താൻ സാധിക്കുന്നു.

ആശങ്കകൾ കൈവെടിഞ്ഞ് ആശയുടെ പൊൻകിരണങ്ങൾ ആർജ്ജിക്കാൻ വിദ്യാർത്ഥി ലോകത്തിന് സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതുവഴി ഒരു നവഭാരതം സൃഷ്ടിച്ചെടുക്കാൻ പുതുതലമുറക്ക് സാധിക്കട്ടെ എന്നും നമുക്ക് ആശംസിക്കാം.




മുഹമ്മദ് നസീം

*രണ്ടാം വർഷം പ്രീഡിഗ്രി*

# കരയാനെങ്കിലും



അവൾ ഇന്റർ മീഡിയറ്റ് ആയി വന്നു. പ്രീഡിഗ്രിയായി പടിയിറങ്ങുകയാണ്, അഥവാ പറഞ്ഞയ്ക്കുകയാണ്. കാമ്പസിലെ കുസുമങ്ങൾ. സ്കൂളിന്റെ പാരതന്ത്ര്യത്തിൽ നിന്നും രക്ഷപ്പെട്ടു വന്ന ഞങ്ങൾക്കവർ മടിത്തട്ടൊരുക്കി തലോലിക്കാൻ, ഓമനിക്കാൻ. വിഹ്വലതയുടെ ദിനങ്ങൾ ഇത്തിരി കഴിഞ്ഞപ്പോൾ മുമ്പ് അനുഭവവേദ്യമായിട്ടില്ലാത്ത സ്വാതന്ത്ര്യത്തിന്റെ കുളിർത്തെന്നൽ തങ്ങളെ തലോടിപ്പോയി; പലവുരു ഞങ്ങൾ മതിമറന്നാഹ്ലാദിച്ചു. ആർത്തുല്ലസിച്ചു, സ്വൈരവിഹാരവും നടത്തി. തുടക്കത്തിൽ പരുഷമായി പെരുമാറിയ സീനിയർമാർ പിന്നെ ഞങ്ങളുടെ ജീവിതത്തിലെ അവിഭാജ്യഘടകങ്ങളായി. അവരിൽ പലരും തിരിച്ചുമായി. എന്തൊക്കെയോ പറയാനും കാണാനുമായി അവർ ഞങ്ങളുടെ നിത്യ സന്ദർശകരായി.

പലരും സ്വപ്ന മന്ദിരങ്ങൾ തീർത്തു, മോഹ കൊട്ടാരങ്ങൾക്കിത്രയും വലിപ്പമോ! ഒഴിഞ്ഞ ക്ലാസുകളിലും വരാന്തയിലും മൈതാനത്തും കാന്റീൻ ചുറ്റിപ്പറിയും സജീവമായി സ്നേഹ സംഭാഷണങ്ങൾ. മുട്ടിന് മുട്ടിന് ചെറുതും വലുതുമായ സുഹൃദ് സംഘങ്ങൾ, ചിരിച്ചു, ചിരിപ്പിച്ചുമിരുന്നു. തൊട്ടുതിനൊക്കെയും സീനിയറിന്റെ സമരവീര്യം കൊണ്ടുള്ള മറുപടി.

തിയറിയും പ്രാക്ടിക്കലും സജീവമായി. എന്നിട്ടും ജീവിതം സരളവും സുഖകരവുമായി. പ്രാക്ടിക്കൽ ഹാളുകളെയെന്തേ സമരക്കാർ വെറുതെ വിടുന്നത്? ഉച്ചയൂണിടവേളകൾ ഏതൊക്കെ പ്രകടനങ്ങൾക്ക് സാക്ഷിയായി എന്തൊക്കെ മുദ്രാവാക്യങ്ങൾ, എന്തൊക്കെ ആവശ്യങ്ങളാണ്, അവകാശങ്ങളാണ് അധികൃതർക്ക് കൊടുക്കാനുള്ളത്! ഇതര കാമ്പസുകളിലുള്ള അസ്വാരസ്യങ്ങൾ എല്ലായിടത്തുമെത്തിക്കുന്ന ഏതോ ഒരു സൂപ്പർഫാസ്റ്റ് മാരുതനുണ്ടെന്ന് ഞാനറിയുന്നു. എന്തിനും ഏതിനും പഠിപ്പുമുടക്കി സമരം ചെയ്തവർ. സർവ്വകലാശാല നയങ്ങൾക്കെതിരെയും അവർ പ്രതികരിക്കാതിരുന്നിട്ടില്ല.

ഓഡിറ്റോറിയും സെമിനാർ ഹാളും ഓപ്പൺ എയർ തിയേറ്ററുമൊക്കെ പലവുരു അണിഞ്ഞൊരുക്കി. ആളില്ലാഞ്ഞിട്ടും മൈതാനം, സജീവമായ ഏതാനും ദിനങ്ങളുമുണ്ട്, സ്പോർട്സ് 'നിക്ഷിപ്ത' തല്പരർ മാത്രം പങ്കെടുത്ത ഒരു വേദി. അതിനു മുമ്പും പിമ്പും വെള്ളയോ കാക്കിയോ ധരിച്ച ചില ആൾക്കൂട്ടങ്ങളെ കാണാറുണ്ടായിരുന്നു. അവർ മാത്രം ഇന്നും ഉണ്ടെന്നു തോന്നുന്നു. ആർട്സ് ഡേയക്ക് മുഖ്യാതിഥിയായി വരുന്നവരുടെ ഗ്രേഡനുസരിച്ചായിരുന്നു കൂവൽ. നിശ്ബദമായി അവരുടെ വാക്കുകൾ ആരും കേൾക്കാനിടയില്ല.


പ്രാക്ടിക്കലിനും ചുറ്റിപ്പറ്റിയുള സാറുമാരുടെ ഭീഷണികൾ, ബ്ലാക്ക്മെയിലുകൾ, ഭീതിമെങ്കിലും കേൾക്കാനൊരു സുഖമുണ്ടായിരുന്നു. കാണിക്കാൻ വെകിയ റെക്കോർഡ് ബുക്കുമേന്തി ഉന്തിയ സെന്റിമെന്റ്സുകൾക്ക് എത്ര കട്ടിയുണ്ടായിരുന്നിരിക്കണം.

തലവന്മാരെക്കുറിച്ച് ആദരവിൽ ആവരണം ചെയത അമിത ഭയം. അതുമൊരു സുഖകരമായ നോവായി ഇപ്പോൾ അനുഭവപ്പെടുന്നുവോ? റാഗിംഗ് പ്രതീക്ഷിച്ച് കടന്നുവന്നർക്ക് കിട്ടിയത് കുറച്ചധികം കുറഞ്ഞുപോയില്ലേ? പുറമെനിന്ന് കേട്ട സൗന്ദര്യവും ഔന്നിത്യവും അത്രകണ്ട് അനുഭവിക്കാനായോ? പുറത്തറിയപ്പെടുന്ന ജിനിയസുകളെ അകത്ത് കണ്ടപ്പോൾ എത്ര ലളിതം! സുന്ദരം!


ഒരു ഗതകാല പ്രതിഭയുടേത് കടമെടുത്താൽ

"ഞങ്ങൾ CDI, ഫാറൂഖ് കോളേജ്, . പ്രായം കുറഞ്ഞ പ്രൻസിപ്പാൽ"

എല്ലാം മാഞ്ഞു. കൊച്ചുശലഭങ്ങൾ അരങ്ങൊഴിഞ്ഞ് അനാഥമാക്കിയ കലാലയത്തിലേക്ക് 'രാജ'യെങ്കിലും എങ്ങനെ കയറാൻ തോന്നും!!!?





റജീന കുന്നത്ത്
ഒന്നാം വർഷം ബി.എ. ഇംഗ്ലീഷ്




# നാളെ.........

**ക്യാ**മ്പസ് ഒരു അത്ഭുത ലോകമാണ്. പല തരത്തിലുള്ള ആത്മാവിഷ്കാരങ്ങളുടെ ഇഴുകിച്ചേരലാണ് അവിടെ നടക്കുന്നത്. ഈ സമന്വയത്തിന്റെ ഫലമായാണ് പുതിയ പ്രതിഭകൾ പിറവിയെടുക്കുന്നതും. കാലങ്ങളുടെ മാറ്റം ക്യാമ്പസിനകത്തും പ്രതിഫലിക്കുന്നു. ഹായ് - ബായ് ഫ്രണ്ട്ഷിപ്പും ചോക്കലേറ്റ് - മഞ്ച് പ്രണയങ്ങളും..... ഇന്നിന്റെ മുഖങ്ങളിൽ നാളെയുടെ ചിത്രം എന്തായിരിക്കും, ഫാറൂഖ്കോളേജിലെ വിദ്യാർത്ഥികൾ ഇവിടെ മനസ്സ് തുറക്കുന്നത് നാളെയുടെ ക്യാമ്പസിനെ കുറിച്ചാണ്.



### ഉമർ ഫാറൂഖ്
രണ്ടാം വർഷം എം.എ. അറബിക്

**വി**ദ്യാലയങ്ങൾ ഇന്ന് ദേവാലയങ്ങളോ, സരസ്വതീക്ഷേത്രങ്ങളോ അല്ല. അധ്യാപകൻ ഗുരുവും വിദ്യാർത്ഥി ശിഷ്യനുമല്ല. നാളത്തെ ക്യാമ്പസ് ചർച്ച ചെയ്യുവാൻ ഈയവസരത്തിൽ എങ്ങനെ സാധിക്കും? കമ്പോളത്തിന്റെ ഉപ സംസ്കാരമാണ് ഇന്നിന്റെ ക്യാമ്പസ്. കലാലയ വളപ്പിനെ സമകാലത്തിന് പുറത്ത് നിൽക്കുന്ന ഒരു പച്ചതുരുത്തായി ക്യാമ്പസ് രാഷ്ട്രീയം പ്രതി ഫലിപ്പിക്കുന്നു. ഈ പ്രതിഫലനം സജീവമാകു ന്നതെവിടെയോ, അവിടെയാണ് ക്യാമ്പസ് മരി ക്കുന്നത്.

തിളച്ചു മറിയലിന്റെ പുതിയ ഒരു യുഗം ഇനി ക്യാമ്പസിന് അന്യമാവും. വിവരസാങ്കേതിക വിദ്യാലോകത്തെ ലഗോൺ കോഴിവളർത്തു കേന്ദ്രമായിരിക്കും നാളെയും ക്യാമ്പസ്.

### രോഷ്ന സി.പി
രണ്ടാം വർഷം പ്രീഡിഗ്രി

**ഇ**പ്പോൾത്തന്നെ വിദ്യാർത്ഥികൾ ഫാഷൻ ഭ്രമത്തിൽപ്പെട്ടുഴലുകയാണ്. ഈ നില തുടർന്നാൽ ഫാഷൻ പരേഡിനുള്ള ഒരു വേദി യായി ക്യാമ്പസുകൾ മാറിയേക്കാം. വിദ്യാർത്ഥി കൾ തമ്മിൽ ഒരു ഹായ് ബായ് ബന്ധം മാത്രമാ ണുള്ളത്. ഭാവിതലമുറയെ ഒരുപരിധിവരെ ഇന്റർനെറ്റ് കീഴടക്കിയേക്കാം.

### ബുഷ്റ. എൻ
മൂന്നാം വർഷം ബി.എസ്.സി ബോട്ടണി

**എ**ല്ലാവരും തന്നിലേക്കു തന്നെ ഒതുങ്ങിക്കൂ ടുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് ക്യാമ്പസി ലുള്ളത്. സ്വാർത്ഥത ക്യാമ്പസിനെയാകെ ഗ്രസി ച്ചിരിക്കുന്നു. ഭാവിയിലെ സ്ഥിതി വളരെ മോശ മാകും. വ്യക്തിബന്ധങ്ങൾ ദുർബലമായിത്തീരു ന്നു. പക്ഷെ വിദ്യാഭ്യാസകാര്യത്തിൽ പുരോഗതി യുണ്ടാകും. അധികം പേരും വ്യക്തമായ ഒരു ലക്ഷ്യത്തോടുകൂടി തന്നെയാണ് പഠിച്ചു മുന്നേ റുന്നത്.

**റോക്സി ബക്കർ**
**മൂന്നാം വർഷം ബി.എ. സോഷ്യോളജി**

സമൂഹത്തിന്റെ പ്രതിഫലനമാണ് ക്യാമ്പസ്. ഇന്ന് സമൂഹത്തിന് എല്ലാതരത്തിലും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് അക്ഷരാർത്ഥത്തിൽ ക്യാമ്പസിനെയും സ്വാധീനിക്കുന്നു. പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ഭാവിതലമുറയെയാണ് ഇന്നത്തെ ക്യാമ്പസ് വാർത്തെടുക്കുന്നത്. നാളത്തെ യുവതലമുറയിൽ നിന്നും പരിപൂർണ്ണമായ ഒരു 'ഇന്റർനെറ്റ് വേൾഡ്' നമുക്ക് പ്രതീക്ഷിക്കാം.

**സാബിത. കെ.ടി**
**ഒന്നാം വർഷം എം.എ. ഹിസ്റ്ററി**

ഇന്ന് ക്യാമ്പസിൽ പൊതുവെ കാണുന്ന ഒന്നാണ് സ്വാർത്ഥത. എന്നിരുന്നാലും വിദ്യാർത്ഥികൾ തമ്മിലുള്ള സൗഹൃദം വളരെ നല്ലതാണ്. മറ്റുള്ളവരെ സഹായിക്കാനുള്ള മനോഭാവം മിക്കവരിലും പ്രകടമാണ്. ഭാവിയെപ്പറ്റി കാര്യബോധമുള്ള ഒരു തലമുറയാണിത്. ഒരു അച്ചടക്കമുള്ള വിദ്യാർത്ഥി സമൂഹത്തെ ഭാവിയിലേയ്ക്കായി നമുക്ക് പ്രതീക്ഷിക്കാം.

**മുനവർ. ടി.**
**രണ്ടാം വർഷം എം.കോം.**

ഒരു നേരമ്പോക്കിനായി മാത്രം കോളേജിൽ വരുന്ന കുട്ടികൾക്ക് ക്യാമ്പസ് എന്നും ഒരു മായാലോകം തന്നെ. വിദ്യാർത്ഥികളുടെ വസ്ത്രധാരണരീതിയിൽ സിനിമ പ്രധാനപങ്ക് വഹിക്കുന്നു. ആത്മാർത്ഥമായ സുഹൃദ്ബന്ധങ്ങൾ ഇന്ന് നാമമാത്രമാണ്. ആർക്കും പരസ്പരം ചിരിക്കാൻ പോലും സമയമില്ല. NCCപോലുള്ള സന്നദ്ധ സംഘടനകളിൽ വിദ്യാർത്ഥികൾക്ക് താത്പര്യം കുറയും. കാലക്രമേണ സ്കൂൾ അന്തരീക്ഷം തന്നെയാവും കോളേജിലും.

**നസീം. സി.എം**
**രണ്ടാം വർഷം പ്രീഡിഗ്രി**

പഴയകാലത്ത് കലാസാംസ്കാരിക രംഗത്തെക്കുറിച്ച് ഉറക്കെ ചിന്തിച്ചിരുന്ന വിദ്യാർത്ഥി സമൂഹമായിരുന്നു ഉണ്ടായിരുന്നത്. അത് ധാർമ്മിക നിഷ്ഠയിലധിഷ്ഠിതവുമായിരുന്നു. എന്നാൽ ഇന്ന് ജീവിതമല്ല, സുഭിക്ഷമായ ജീവനമാണ് വിദ്യാർത്ഥികൾക്ക് വേണ്ടത്. പ്രൊഫഷണൽ രംഗത്തേയ്ക്കുള്ള ഒരു ചുവടുവെയ്പായിട്ടാണ് പലരും ഇന്ന് ക്യാമ്പസിനെ വീക്ഷിക്കുന്നത്. എങ്കിലും പഠനകാര്യത്തിൽ ശ്രദ്ധ പുലർത്തുന്നുണ്ട്. ആരോഗ്യപരമായ സൗഹൃദങ്ങൾ എവിടെയും കാണുന്നില്ല. ഉണ്ടെങ്കിൽത്തന്നെ അവ താല്കാലികവുമാണ്. ചുരുക്കത്തിൽ ഒരു ഫാക്ടറി പോലെയായിത്തീരും ഭാവിയിലെ ക്യാമ്പസ്.



**ദിനേശ് ബാബു. പി.**
**രണ്ടാം വർഷം ബി.എ. ഇംഗ്ലീഷ്**

ഇന്നത്തെ ക്യാമ്പസ് വിദ്യാർത്ഥിയെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നില്ല; ഓർമ്മശക്തിയെ മാത്രം അടിസ്ഥാനപ്പെടുത്തി വിദ്യാർത്ഥികൾ വിലയിരുത്തപ്പെടുന്നു. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നതും, അവരിൽ സാമൂഹികാവബോധം വളർത്തിയെടുക്കാൻ സാധിക്കുന്നതും, രാഷ്ട്രീയ രഹിതമായ പ്രതികരണക്ഷമതയുള്ള വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നതുമായ ഒരു പുതിയ ക്യാമ്പസാണ് ഇനിയുണ്ടാകേണ്ടത്.

**നിസാർ. കെ.എസ്**
**രണ്ടാം വർഷം ബി.എസ്.സി. മാത്സ്**

ഇപ്പോഴത്തെ ക്യാമ്പസ് വെറും അടിപൊളി ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. കഴിഞ്ഞുപോയ ക്യാമ്പസിനെപ്പോലെ വ്യക്തിബന്ധങ്ങൾ വളരുന്നില്ല.എഴുപതുകളിലെ ക്യാമ്പസുകൾ, ക്യാമ്പസിന്റെ നല്ലകാലഘട്ടമായിട്ടാണ് അറിയപ്പെടുന്നത്. വളരെ കുറച്ചുമാത്രമേ യഥാർത്ഥമായ പ്രണയബന്ധങ്ങൾ ഇപ്പോൾ ക്യാമ്പസിൽ നടക്കുന്നുള്ളൂ. ഭാവിയിലെ ക്യാമ്പസ് ഒരു Circle പോലെ പഴയ രീതിയിലേക്ക് തിരിച്ചുപോയേക്കാം. പ്രണയ ബന്ധങ്ങളും, ജീവിതസ്വപ്നങ്ങളും പൂവണിയുന്ന ഒരു നല്ല ക്യാമ്പസ് ഒരു പക്ഷെ നമ്മെ ക്ഷമയോടെ കാത്തിരിക്കുന്നുണ്ടാവാം.

**ജയൻ. ബി.**
**രണ്ടാം വർഷം ബി.എ. ഇക്കണോമിക്സ്**


വിദ്യാഭ്യാസപരമായി വളരെ മുന്നേറിയ ഒരു സമൂഹമായിരിക്കും നാളെയുടേത്. വിദേശ സംസ്കാരത്തിന്റെ സ്വാധീനം സീമാതീതമായിരിക്കും. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം മെച്ചപ്പെട്ട നിലയിലെത്തും . പക്ഷെ, സ്വാതന്ത്ര്യം ഒരുപാട് വർദ്ധിച്ച തലമുറയായിരിക്കും ഭാവിയിലേത്. ആത്മാർത്ഥമായ പ്രണയ ബന്ധങ്ങൾ ക്യാമ്പസുകൾക്ക് അന്യമായിത്തീരും. വിദ്യാർത്ഥികൾ തന്നിഷ്ടപ്രകാരമുള്ള കാര്യങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക.



**നൗഷാദ്**
**ഒന്നാം വർഷം എം.എ. അറബിക്**

പുതിയ ക്യാമ്പസിന് നിർമ്മാണാത്മകത എന്നോ നഷ്ടമായിരിക്കുന്നു. അർത്ഥവത്തായ യാതൊന്നും സൃഷ്ടിക്കാനാവാത്ത വെറുമൊരു തരിശുനിലമായി ക്യാമ്പസ് മാറിയിരിക്കുന്നു. ക്യാമ്പസിന്റെ ഈ മുഖം പിറവി കൊണ്ടതിൽ ഇന്നത്തെ വിദ്യാർത്ഥികളെ പഴിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല.എല്ലാ നല്ല അർത്ഥങ്ങളുടെയും സാഫല്യമായ വിദ്യാഭ്യാസത്തെ പരിതാപകരമായ ഇല്ലായ്മയിലേക്ക് തള്ളിവിട്ട പുതിയ ലോകക്രമമാണ് ക്യാമ്പസിനെ തരിശുനിലമാക്കിയതിനു പിന്നിലെ പ്രധാനപ്രതി. ജീവിതഗന്ധിയായ വിദ്യാഭ്യാസത്തെ ക്യാമ്പസിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ പ്രപഞ്ചത്തിന്റെ കാലനായ് മാറുന്ന ന്യൂക്ലിയർ അവിശിഷ്ടങ്ങളെപ്പോലെ കുറെ കൂട്ടങ്ങളെ സൃഷ്ടിക്കുന്ന തട്ടകമായി ക്യാമ്പസ് പരിണമിച്ചേക്കും.



കാമ്പസിന്റെ
കിനാവുകളിൽ
പുതിയ
നിലാവ്
ജാക്സൺ
അലീഷ
ഗാംഗുലി
അമീർഖാൻ
ഉത്തരാധുനികത
പെപ്സി
പിന്നെ,
പിന്നെ,
പിന്നെ,
പിന്നെ......

സെഡ്. എ. അഷ്റഫ്

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം

# പറന്നകലുന്ന ശലഭങ്ങൾ

ഈ വർഷം കേരളത്തിലെ കോളേജു കാമ്പസുകളിൽ നിന്നും പടിയിറങ്ങിയത് കുറെ വിദ്യാർത്ഥികൾ മാത്രമല്ല ഒരു കോഴ്സ് മൊത്തമായി തന്നെയാണ് - ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിച്ചിരുന്ന പ്രീഡിഗ്രി.

പ്രീഡിഗ്രി യാത്രയാവുന്നതോടെ കാമ്പസുകൾ നിറം വറ്റുകയാണ്. ശിഖിരമൊടിഞ്ഞ വൃക്ഷംപോലെ - ഇലകൊഴിഞ്ഞ മരങ്ങൾ പോലെ.

രാജാഗേറ്റിന് മുമ്പിൽ കൂട്ടം കൂടി ചെത്തിനടക്കുന്ന സംഘം, കാന്റീനിൽ തർക്കം പറഞ്ഞ് ബഹളം വെക്കുന്നവർ, ന്യൂബ്ലോക്കിൽ രണ്ടാം നിലയിൽ അപ്പുറത്തൊന്നും ക്ലാസ്സെടുക്കാനാവാത്ത വിധം ഒച്ചയുണ്ടാക്കി കലാപരിപാടിയൊപ്പിക്കുന്നവർ, ഒടുക്കം കലോത്സവ നാളിൽ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ വലതുഭാഗത്തെ മരച്ചോട്ടിൽ പാട്ടിനൊത്ത് തുള്ളിച്ചാടി കുതൂഹലം സൃഷ്ടിക്കുന്നവർ..... ഇതൊക്കെ പ്രീഡിഗ്രിക്കാരായിരുന്നുവോ?

സ്കൂളിൽ അപ്പുറമിപ്പുറം തിരിയാതെ അധ്യാപകന്റെ ചൂരൽ ഭയത്തിൽ കേട്ടു പഠിച്ച അച്ചടക്കവുമായി പത്ത് വർഷം യൂണിഫോമിനകത്ത് ഒതുങ്ങി കൂടിയവരുടെ സ്വാതന്ത്ര്യവിളംബരമായിരുന്നു പ്രീഡിഗ്രി പ്രവേശനം. ചുറ്റുമതിലിനുള്ളിൽ അടച്ചിടപ്പെട്ട ചെറിയ സ്കൂൾ കോമ്പൗണ്ടിൽ നിന്നും രാജാഗേറ്റിനകത്തെ വലിയ സാമ്രാജ്യത്തിലേക്കുള്ള പാലായനം. അധ്യാപകരുടെയും രക്ഷിതാക്കളുടെയും നിയന്ത്രണമെന്ന കൈവിലങ്ങുകളിൽ നിന്ന് മോചിതരായെന്ന (മിഥ്യാ) ധാരണയും കൗമാരത്തിന്റെ തിളപ്പും അവരെ ഒതുക്കം നഷ്ടപ്പെട്ടവരാക്കുന്നു. റിബലുകളാവുന്നതിലാണ് അവർക്ക് ആനന്ദം. ധിക്കരിക്കുന്നതിലാണ് മിടുക്ക്. ഈ സാമ്രാജ്യത്തിൽ താരങ്ങളാവാൻ ശ്രമിക്കുകയാണ് ഓരോരുത്തരും.

അധ്യാപകരുടെ മുമ്പിൽ വിനയാന്വിതരായി നടിക്കുമെങ്കിലും അവരില്ലാത്തിടത്ത്, നോട്ടമെത്താത്തിടത്ത് വേല ഒപ്പിക്കുന്നത് ഒരു ഹരമാണിവർക്ക്. അല്ലെങ്കിൽ ഇങ്ങിനെയൊന്നുമില്ലെങ്കിൽ എന്ത് കോളേജ് എന്ന് അറിഞ്ഞോ അറിയാതെയോ ധരിച്ചിരിക്കുന്നു അവർ.

ഇത്തരത്തിലുള്ള ഒരു വിഭാഗം എന്നെന്നേക്കുമായി രാജാഗേറ്റും കടന്ന് പൊയ്ക്കഴിയുമ്പോൾ ബാക്കിയാവുന്ന കാമ്പസിന്റെ അവസ്ഥയെന്തായിരിക്കും? ഗുണമോ ദോഷമോ?



### അക്കാദമീയം

കേരളത്തിലെ കോളേജുകളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടായിരുന്നത് പ്രീഡിഗ്രി ക്ലാസ്സുകളിലാണ്. ചില കോളേജുകളിൽ മറ്റുള്ള എല്ലാ കോഴ്സുകളിലും പഠിക്കുന്നവരെ മൊത്തം കൂട്ടിയാലും പ്രീഡിഗ്രിക്കാരുടെ മൂന്നിലൊന്ന് പോലും വരാത്ത അവസ്ഥയായിരുന്നു. ഏറെ ബിരുദ ബിരുദാനന്തരം കോഴ്സുകളുള്ള ഫറൂഖിൽ പോലും പ്രീഡിഗ്രി ഡീലിങ്കിങ്ങ് കോളേജിന്റെ വിദ്യാർത്ഥി ശക്തി പകുതിയാക്കിയത് പോലെ തോന്നുമ്പോൾ ഇത്തരം കോളേജുകളുടെ സ്ഥിതിയോ? പുതിയ പുതിയ കോഴ്സുകൾ തുടങ്ങി എത്രത്തോളം ഈ നിശബ്ദത അതിജീവിക്കാൻ കഴിയും?

കോളേജുകൾ കുറേക്കൂടി അക്കാദമിക് ആകും എന്നാണ് പൊതുവെ ഭാഷ്യം.... ശരിയാകാം. നൂതനമായ കോഴ്സുകൾ ഡിഗ്രി, പി.ജി. തലങ്ങളിൽ വരു

ന്നതും, പഠന നിലവാരം ഉയർത്താൻ അധ്യാപകന് കൂടുതൽ അവസരം ലഭിക്കുന്നതും കാമ്പസുകളുടെ അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തും.

### അധ്യാപനം

പ്രീഡിഗ്രി വേർപ്പെടുത്തലുമായി ബന്ധപ്പെട്ട് ഏറെ ചർച്ചചെയ്യപ്പെട്ട വിഷയമായിരുന്നു അധികം വരുന്ന അധ്യാപകർ എന്ന പ്രശ്നം. വർഷങ്ങളായി തുടരുന്ന നിയമന നിരോധനവും പുതിയ കോഴ്സുകളും ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിച്ചുവെങ്കിലും അനിശ്ചിതത്വം പൂർണ്ണമായും നീക്കാൻ ബന്ധപ്പെട്ടവർക്ക് ഇതുവരെ സാധ്യമായിട്ടില്ല.


മാറിയ സാഹചര്യത്തിൽ അധ്യാപന നിലവാരം ഉയരുമെന്നാണ് പൊതുവെ പറയപ്പെടുന്നതെങ്കിലും ഏത് അർത്ഥത്തിൽ, ഏത് രീതിയിൽ എന്ന് വിശദീകരിക്കപ്പെടേണ്ടിയിരിക്കുന്നു. പക്ഷെ, ഒരു കാര്യം ഉറപ്പാണ്. എൺപതും നൂറും പിള്ളേരെ കൂട്ടമായിരുത്തി പ്രസംഗം നടത്തി 'പഠിപ്പിച്ചുകളയുന്ന' ലക്ചർ രീതിയിൽ നിന്നും വിദ്യാർത്ഥികളെ കൂടുതൽ വ്യക്തിപരമായി ശ്രദ്ധിക്കാവുന്ന രീതിയിൽ അധ്യാപകർക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്യാം. ഇത് തീർച്ചയായും അധ്യാപനത്തെ കൂടുതൽ ഫലപ്രദമാക്കും.

### സർഗാത്മകത

സോൺ കലോത്സവങ്ങളുടെ തിളക്കം ഒരു പരിധിവരെ പ്രീഡിഗ്രിക്കാരുടെ പ്രഭാവമായിരുന്നു. മത്സരിക്കാനും വിജയിക്കാനുമുള്ള ആവേശം അവരിൽ കൂടുതലായി കണ്ടിരുന്നു. ജൂനിയർ എന്ന ഒരു വിഭാഗം തന്നെ മത്സര ഇനങ്ങളിൽ നിന്നും നീക്കം ചെയ്യപ്പെടുന്നത് മത്സരങ്ങളിൽ തിരക്ക് കുറക്കും. കലോത്സവത്തിന്റെ ആകർഷണീയതയും ഇത് കാരണം കുറയും.

വിദ്യാഭ്യാസ മേഖലയിൽ പുതുതായി ചുവടുറപ്പിച്ച അൺ-എയ്ഡഡ് മേഖലക്ക് കൂടി കലോത്സവങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചാൽ വീണ്ടും കലോത്സവങ്ങൾ ഉത്സവങ്ങളായി തീരും.



ഹോസ്റ്റൽ വാർഡൻമാർക്ക് പ്രീഡിഗ്രിക്കാർ തലവേദനയാണത്രെ. നിയമങ്ങൾ ലംഘിക്കുക ഈ പ്രായക്കാർക്ക് ഹരമാണ്. അതിനാൽ തന്നെ സിനിമ കാണാൻ ഇഷ്ടമില്ലെങ്കിലും വാർഡന്റെ കണ്ണുവെട്ടിച്ച് ഒരു തവണയെങ്കിലും സെക്കന്റ് ഷോക്ക് പോകാത്തവർ ''മൊയ''യായി മുദ്രയടിക്കപ്പെടുന്നു. വളരെ കൗതുകകരമാണ് ഇവരുടെ ഹോസ്റ്റലിലെ പെരുമാറ്റം. രാത്രിയിൽ കൂട്ടം കൂടിയിരുന്ന് കത്തിവെച്ച് നേരം കൊല്ലുന്നതിൽ മിടുക്കരാണിവർ. ഒരിടത്ത് അടങ്ങിയിരുന്ന് വായിക്കാൻ പറയുന്നത് തന്നെ ഇവർക്ക് അരോചകമാണ്. പ്രശ്നങ്ങളെന്തുണ്ടായാലും മുൻപന്തിയിൽ ഇവരായിരിക്കും. ഇങ്ങിനെയാണെങ്കിലും കണ്ണുരുട്ടി നേരെ ചൊവ്വേ നാല് ചോദ്യങ്ങൾ ചോദിച്ചാൽ തത്ത പറയുംപോലെ എല്ലാം ഏറ്റ് പറയും ഇവർ-അപൂർവ്വം വിരുതന്മാർ ഒഴിച്ച്.

### ക്ലാസ് കട്ട്, ചുറ്റിക്കറക്കം

അധ്യാപകൻ ആര് തന്നെയായാലും, വിഷയം ഏത് തന്നെയായാലും ക്ലാസ് കട്ട് ചെയ്ത് ചുറ്റിയടിക്കുക പ്രീഡിഗ്രിക്കാരുടെ ഹോബിയാണ്. എൻട്രൻസ് പരീക്ഷയുടെ മാൽസര്യവും ഫറൂഖിന്റെ പ്രത്യേക അവസ്ഥയും കാരണം ഇവിടെ ഈ കാര്യത്തിൽ അൽപം മാറ്റമുണ്ടെങ്കിലും പൊതുവെ കറങ്ങി നടക്കണമെന്ന് ആഗ്രഹിക്കുന്ന പ്രായമാണ് ഇവർക്ക്. ഈ കറക്കമാണ് ഒരർത്ഥത്തിൽ കാമ്പസിന്റെ ഭംഗി കൂട്ടുന്നതും.

### പ്രണയം

പ്രീഡിഗ്രിക്കാരുടെ പ്രണയത്തിന് ഫാന്റസിയുടെ നിറമാണ്. പരസ്പരമുള്ള ഒരു നോട്ടത്തിനിടയിൽ അനേകായിരം സ്വപ്നങ്ങളുണ്ടാക്കി കൈമാറിയേക്കും. കാപട്യങ്ങളില്ലാത്തതിനാൽ വളരെ പെട്ടെന്ന് തളിർത്ത് അതിവേഗം കരിഞ്ഞുവീഴുന്നതാണ് ഇവരുടെ പ്രണയം.

ഇനി ബാക്കിയാവുക ''ടൈംപാസ്'' പ്രണയങ്ങളാണ്. 'നമുക്ക് ഈ മാസം പ്രേമിക്കാം. എന്ന് ഒന്നാം തിയ്യതി കണക്ക് കുറിച്ച് കരാറെഴുതി ആരംഭിക്കുന്ന പ്രണയ നാടകം. പാവം കോളേജ് വരാന്തകൾ – അവയിനി പുതിയ കിന്നാരങ്ങൾ കേൾക്കില്ലല്ലോ.

### ഇനി

പ്രീഡിഗ്രി വേർപ്പെട്ട് സ്കൂളുകളോട് ചേർന്ന് പോയതിൽ സങ്കടപ്പെടുന്നവരുണ്ട്. സന്തോഷിക്കുന്നവരുണ്ട്.കാമ്പസിന്റെ കളർ പോയെന്ന് ചിലർ. ഗുണനിലവാരം ഉയർന്നുവെന്ന് മറ്റുചിലർ. ശരിയേതോ ആവട്ടെ. ഒരു കാര്യം സത്യമാണ്. ഇവിടെ നിന്നും വേർപെട്ട് പോയത് കാമ്പസുകളുടെ ആത്മാവാണ്. കാമ്പസിലെ കൗമാരക്കാരുടെ കൂടെ അവരുടെ കുസൃതികളും വികൃതികളും നേരമ്പോക്കും, വർത്തമാനവും, കിന്നാരവും പരിഭവവും കേട്ട് അവരുടെ സാന്നിധ്യം മനസ്സിലുൾക്കൊണ്ടവർക്ക് പുതിയ കാമ്പസുകളുടെ പുതിയ മുഖവുമായി പൊരുത്തപ്പെടാൻ ഇത്തി




സലീം അരൂർ

*ഒന്നാം വർഷം എം.എ. ഹിസ്റ്ററി*



# പ്രണയങ്ങൾ....

**വ**തിറ്റാണ്ടുകൾക്ക് മുമ്പ് കാലൻ തന്റെ വാഹനമായ പോത്തിൻ പുറത്തേറി കാമ്പസ് പ്രണയത്തിലൂടെ ഒന്നിച്ച രണ്ട് ദമ്പതികളുടെ അടുത്തെത്തി പറഞ്ഞു. നിങ്ങളിൽ ഒരാളുടെ ജീവൻ എനിക്ക് വേണം. ഉടനെ ഭർത്താവ് തന്റെ ജീവനെടുത്ത് ഭാര്യയെ വെറുതെ വിടണമെന്നും, ഭാര്യ തന്റെ ജീവനെടുത്ത് ഭർത്താവിനെ വെറുതെ വിടണമെന്നും ബഹളമായി. ഇവരുടെ സ്നേഹം കണ്ട് രണ്ട് പേരേയും ജീവിക്കാൻ വിട്ട് കാലൻ മറ്റൊരു ജീവൻ തേടി പോയി. ഈയിടെ കാലൻ തന്റെ സ്ട്രീറ്റ് ബൈക്കിൽ കാമ്പസ് പ്രണയം ഒന്നിപ്പിച്ച രണ്ട് ദമ്പതികളുടെ അടുത്തെത്തി തന്റെ പഴയ ചോദ്യം ആവർത്തിച്ചു. സ്നേഹത്തിന്റെ ലാഭനഷ്ടങ്ങളുടെ കൂട്ടിക്കിഴിക്കലുകൾക്ക് ശേഷം ഭർത്താവ് ഭാര്യയുടെയും ഭാര്യ ഭർത്താവിന്റെയും ജീവനെടുക്കാനാണ് ആവശ്യപ്പെട്ടത്.

തികച്ചും സാങ്കല്പികമായ ഈ കഥയാണ് ഇന്നത്തെ പ്രണയവും പഴയ പ്രണയവും തമ്മിലുള്ള വ്യതിയാനം. ലൈലാ-മജ്നുമാരും നള-ദമയന്തിമാരുമെല്ലാം ഇവിടത്തെ കലാലയങ്ങളിൽ ജീവനോടെ അവതരരിച്ചൊരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആ ദിവ്യമായ പ്രണയങ്ങൾ ഹിസ്റ്ററി വിദ്യാർത്ഥികൾക്ക് ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു. ബോട്ടനിക്കാർക്ക് അത് വംശനാശം സംഭവിച്ചിരിക്കുന്നു. കോമേഴ്സുകാർക്ക് കച്ചവടമായി മാറിയിരിക്കുന്നു. ഇങ്ങിനെയോരോ വിഭാഗത്തിനും പ്രണയം അന്യം നിന്നുപോയി.

കാമ്പസ് പ്രണയത്തെ നേരിട്ടറിയാൻ ഉച്ചഭക്ഷണം പോലും വർജ്ജിച്ച് അഭിപ്രായ സ്വരൂപീകരണത്തിനിറങ്ങിയപ്പോൾ കിട്ടിയ പ്രതികരണങ്ങൾ ഓരോന്നിലും, ആശ്ച ര്യത്തിന്റെ കണികകൾ തിളങ്ങുന്നു. ഈ കണികകൾക്ക് മനുഷ്യ മനസ്സിന്റെ ഭീകരതയുടെ വർണ്ണങ്ങളുണ്ടായിരുന്നുവെന്നത് മറ്റൊരു നഗ്നസത്യം.

മീഡിയാ സംസ്കാരം സൃഷ്ടിച്ച ബ്രിട്ട്നിയുടെയും ജെനിഫർ ലോപ്സിന്റെയും മാർട്ടിന ഹിംഗിസിന്റെയുമെല്ലാം പ്രതിഷ്ഠകൾ ഇവിടുത്തെ പെൺകുട്ടികൾ വേരോടെ ഹൃദയത്തിലേറ്റുകയാണോ? ! സ്വപ്നപുരുഷനായി ഒരു ജൂനിയർ റിക്കിമാർട്ടിനേയും, ജൂനിയർ ദ്രാവിഡ്-ഗാംഗുലിമാരും, ജൂനിയർ ബിൽഗേറ്റ് സുമാരുമെല്ലാമാണെങ്കിൽ ഈ മലയാളക്കരയുടെ കാര്യം ഏറെ വിചിത്രം. 'നമ്മുടെ പഴയ' പരശുരാമൻ കന്യാകുമാരിയിൽ വീഴ്ത്തിയ മഴു വീണ്ടും കൈക്കലാക്കി ഇത്തരം കാമ്പസ് വാഗ്ദാനങ്ങളിൽ എറിയുന്ന കാലം അതി വിദൂരമല്ല !!

പ്രണയത്തെക്കുറിച്ച് ഒത്തിരി സംസാരിച്ച വിദ്യാർത്ഥിനിയോട് നിന്റെ സ്വപ്നത്തിൽ ഏതെങ്കിലും പുരുഷനുണ്ടോ എന്ന് ചോദിച്ചപ്പോൾ കിട്ടിയ മറുപടി സുഹൃത്തിനോട് പറഞ്ഞപ്പോൾ അതിൽ അവനും പന്തികേടൊന്നും തോന്നിയില്ല! മാസങ്ങൾക്ക് മുമ്പ് നടന്ന ഋത്വിക് -സൂസന്ന വിവാഹം അവൾ അറിയാതെ പോയിട്ടില്ല എന്നത് തീർച്ച. എന്നിട്ടും അവളുടെ പ്രണയ പുരുഷനായി പറഞ്ഞത് ഋത്വിക് റോഷൻ ! പ്രണയത്തിൽ മതത്തിന് സ്ഥാനമില്ല എന്ന കാര്യത്തിൽ ചർച്ചകളിൽ പങ്കെടുത്ത കുടുതൽ പേർ ഒന്നിച്ചപ്പോൾ പലരുടെയും മനസ്സിൽ ദിവ്യമായ പ്രണയത്തിന് ഇപ്പോഴും ഇടമുണ്ട് എന്നത് ശരിവെക്കുന്നു. ഇക്കാര്യം തുറന്നടിച്ചപ്പോൾ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പറയാനുള്ള മറുപടിയിൽ ഭിന്ന സ്വരം.

വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഹൃദയത്തിന്റെ പടിവാതിൽ തുറന്നപ്പോഴാണീ വിഭാഗീയത ഉണർന്നത്. ആണിന് പ്രേമത്തേക്കാളുപരി കാമത്തിന് താൽപര്യം വന്നപ്പോഴാണ് ദിവ്യമായ പ്രണയം അന്യം നിന്നതെന്നാണ് പെൺകുട്ടികൾ പറയുന്നത്. പെണ്ണിന്റെ പരിമിതികളെ ആണിലൂടെ പരിഹരിക്കാൻ ആണിനെ, പെണ്ണ് ഉപയോഗപ്പെടുത്താൻ തുടങ്ങിയപ്പോഴാണ് ദിവ്യമായ പ്രണയത്തിന്റെ ക്ലൈമാക്സ് തുട





കാമ്പസിന്റെ കിനാവുകളിൽ പുതിയ നിലാവ് ജാക്സൺ അലീഷ ഗാംഗുലി അമീർഖാൻ ഉത്തരാധുനികത പെപ്സി പിന്നെ. പിന്നെ. പിന്നെ. പിന്നെ....

ങ്ങിയതെന്ന് ആൺകുട്ടികളും. പഠനാവശ്യങ്ങൾ കാമുകനിലൂടെ നേടിയെടുക്കുക, ആണിന്റെ കയ്യിലെ പണം തന്റെ നേട്ടത്തിന് മാത്രം ഉപയോഗിക്കുക എന്നീ ചിന്താഗതി കാമുകിയിൽ വളർന്നപ്പോഴാണ് കാമുകൻ തന്റെ 'മുതലാക്കൽ' പ്രവണതയ്ക്ക് തുടക്കമിട്ടതെന്നും ഒരു വിരുതൻ തട്ടിവിട്ടപ്പോൾ കൂട്ടചിരിയോടെ പ്രസ്തുത ക്ലാസ്സിലെ ചർച്ചക്ക് ഇരട്ട ക്ലൈമാക്സ്.


രണ്ടാം വർഷ മലയാളം വിദ്യാർത്ഥികളുമായി പ്രണയത്തെക്കുറിച്ച് ചർച്ചയാരംഭിച്ചെങ്കിലും തുടക്കത്തിൽ തന്നെ ആൺ-പെൺ സൗഹൃദത്തിലേക്ക് ചർച്ച വഴിമാറി. ഇവിടെ സ്നേഹിച്ച് കല്ല്യാണം കഴിക്കുന്നതിന് ഒരു വിഭാഗം താൽപര്യം കാണിച്ചപ്പോൾ മറ്റൊരു വിഭാഗം വീട്ടുകാരുടെ താൽപര്യപ്രകാരമുള്ള വിവാഹത്തെ ഇഷ്ടപ്പെടുന്നു. മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് മലയാളം ഡിപ്പാർട്ട്മെന്റിനെ കുറിച്ചുള്ള അഭിമാനമായിരുന്നു ഉയർത്തിപിടിക്കാനുണ്ടായിരുന്നത്. മലയാളം ഡിപ്പാർട്ട്മെന്റിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനി സൗഹൃദത്തിനും പ്രണയത്തിനും കത്തിവെക്കുന്ന സ്വഭാവം ഇല്ല എന്നാണിവർ സമർത്ഥിച്ചത്.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ വിഭിന്നങ്ങളായ അഭിപ്രായങ്ങളിൽ പങ്ക് ചേർന്നപ്പോൾ ചർച്ച പ്രണയത്തിന്റെ സമസ്ത രൂപ-ഭാവങ്ങളും പിന്നിട്ടു. പ്രണയിതാക്കൾ രക്ഷിതാക്കളെയും ഉറ്റവരേയും ഒളിച്ച് വെച്ച് പ്രേമിക്കുമ്പോൾ അതിൽ തിന്മയുടെ വശം ഒളിഞ്ഞിരിപ്പുണ്ടെന്ന് ജസ്ന അഭിപ്രായപ്പെട്ടപ്പോൾ മാതാപിതാക്കൾ നമുക്ക് നല്ലതേ തരൂവെന്നത് കൊണ്ട് അവർ തെരഞ്ഞെടുക്കുന്ന 'ഹബി'യാണ് നല്ലതെന്ന് ഇഷ്റാത് യോജിക്കുകയും ചെയ്തപ്പോൾ പ്രണയ ചർച്ചയിൽ ഒരു ഏകീകൃത സ്വഭാവം രൂപപ്പെട്ടു.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളിൽ നിന്ന് പ്രണയത്തെ കുറിച്ച് ആദ്യമേ ഉയർന്ന് വന്നത് 'പ്രണയം മനസ്സിന്റെ പണയം' എന്ന ഭാഷ്യത്തിലായിരുന്നു. പ്രണയ വിവാഹം പരാജയമായാൽ വീട്ടുകാർക്ക് ഉത്തവാദിത്തമില്ലെന്നു അഭിപ്രായം ഉയർന്നപ്പോൾ ടി.കെ.നദീറക്ക് പറയാനുണ്ടായിരുന്നത് രണ്ടായാലും അനുഭവിക്കേണ്ടത് സ്ത്രീ തന്നെയല്ലേയെന്ന ഉത്തരമില്ലാത്ത ചോദ്യമായിരുന്നു.

കല്ലിലും മുള്ളിലും പൂക്കളിലും തട്ടിയും തലോടിയും പ്രണയ സങ്കൽപ്പങ്ങളും പ്രതികരണങ്ങളും കുഴഞ്ഞ് മുറിഞ്ഞപ്പോൾ ഉരുതിരിഞ്ഞ് വന്നത് ദിവ്യപ്രണയം മരിച്ചുകൊണ്ടിരിക്കുന്നുവെന്നതായിരുന്നു. വൈകാരിക ഭാവങ്ങൾക്ക് പകരം ലാഭേച്ഛയാണ് ഇന്നത്തെ പ്രണയങ്ങളുടെ ഹേതുവെന്നത് രത്ന ചുരുക്കം. ഇരുജോഡികണ്ണുകൾ പരസ്പരം കഥ പറയാൻ തുടങ്ങുന്ന അനർഘ നിമിഷത്തിൽ തന്നെ മനക്കോട്ടകളിൽ നിറയുന്നത് ലാഭത്തിന്റേയും ഛേദത്തിന്റെയും ഗുണന ഹരണങ്ങൾ. ഇത്തരമൊരു വിദ്യാർത്ഥി സമൂഹത്തിൽ ദിവ്യമായ പ്രണയത്തിന് വട്ടപൂജ്യമാണ് സ്ഥാനമെന്നത് തീർച്ച.


സുഖ-ഭോഗങ്ങളുടെ പറുദീസയിൽ നീന്തിതുടിക്കുന്ന അവളുടെ കണ്ണുകൾ ഏതോയൊരു സുന്ദര മുഹൂർത്തത്തിലാണ് അവനിൽ പതിയുന്നത്. ഇവളുടെ



കിനാവുകൾ ഇപ്പോൾ നെയ്തെടുക്കുന്നത് പരിശുദ്ധ പ്രണയത്തിന്റെ കാവ്യ മാധുര്യം മാത്രം. ഔപചാരിക സ്നേഹത്തിന്റെ വീർപ്പു മുട്ടലുകൾക്കിടയിൽ എല്ലാം വലിച്ചെറിഞ്ഞ് അവനിലേക്കവൾ എത്തുന്നു. ആശങ്കകളുടെ വേലികെട്ടുകളെല്ലാം എടുത്ത് ചാടിയവൻ അവളെ നേടിയെടുക്കുന്നു. അവന്റെ വിരിമാറിൽ തലചായ്ക്കുമ്പോൾ അവൾ ചിന്തിയ്ക്കുന്നത് രാജസുഖത്തിന്റെ സമൃദ്ധിയേക്കാൾ ഈയൊരു നിമിഷത്തെ വൈകാരികത മാത്രം. ത്യാഗത്തിന്റേയും ആത്മാർത്ഥതയുടെയും പ്രതീകമായിട്ടുള്ള ഈ പ്രണയം ഇവിടത്തെ കലാലയങ്ങളിൽ പഴയ കാഴ്ചയായിരുന്നു.

ഇന്നിന്റെ പ്രണയം തികച്ചും മാറിയിരിക്കുന്നു. ഏതോയൊരു തിരക്കിന്റെ നിമിഷത്തിലാണവളുടെ കണ്ണുകൾ ആ ഹീറോഹോണ്ട കമ്പനിയുടെ പുത്തൻ മോഡൽ ബൈക്കിൽ പതിഞ്ഞത്. ഹോ ! അവനിട്ടിരിക്കുന്ന വുഡ്ലാന്റ് ഷൂവിന്റെ വില തീർച്ചയായും ആയിരങ്ങൾ പിന്നിടും. അവളുടെ സ്വപ്നങ്ങൾക്ക് ഇന്ന് മുതൽ ചിറക് മുളക്കുകയാണ്. അവളുടെ ഹൃദയം അവനിലേക്ക് പറന്നടുക്കുകയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ പ്രണയമാകുന്ന നദിയിവിടെ ഗതിമാറി ഒഴുകുകയാണ്.

തന്നെ സ്നേഹിച്ച പെൺകുട്ടികൾക്ക് വേണ്ടി എന്തുംനേടിക്കൊടുക്കാൻ എന്തും ചെയ്യുന്ന പ്രണയിതാവ് ഇന്നെവിടെ? സമത്വത്തിന്റെ ഈ ലോകത്ത് അവൾക്കുള്ളത് അവൾ നേടിയെടുക്കട്ടെയെന്നാണ് ചിന്ത. അവളുടെ കിളിമൊഴികൾ തൽക്കാലം പിന്നെ മതിയെന്ന് ചിന്തിച്ച് തന്റെ തിരക്കുകൾക്കിടയിലേക്ക് ഊളിയിടുന്നൊരു സമൂഹമാണിവിടെ വളർന്ന് വരു



ന്നത്. കാമ്പസിൽ നിറഞ്ഞ് നിൽക്കുന്ന, പണിയൊന്നുമില്ലാതെ അവളിൽ തന്റെ കുസൃതികൾ തീർത്ത് പ്രണയിക്കുന്ന കാമുക വീരന്മാരെയും വിദഗ്ധൻമാരേയും ഇവിടെ പ്രതിപാദിക്കുന്നില്ല. അരിയെത്രയെന്ന് ചോദിച്ചാൽ പയറഞ്ഞാഴിയെന്ന് പറയുന്നത് മര്യാദയല്ലല്ലോ?

പ്രണയ വിവാഹമാണോ വീട്ടുകാർ കണ്ടെത്തുന്ന വിവാഹമാണോ താൽപര്യമെന്ന ചോദ്യവുമായി വിദ്യാർത്ഥികളിലേക്കെത്തിയപ്പോൾ ബിരുദ വിദ്യാർത്ഥികളിലും ബിരുദാനന്തര വിദ്യാർത്ഥികളിലും രൂപപ്പെട്ട അഭിപ്രായങ്ങളിൽ ഗണ്യമായ ഭിന്നത. ഹിസ്റ്ററി, എകണോമിക്സ്, ഇംഗ്ലീഷ് വിദ്യാർത്ഥികളായ ബിരുദാനന്തര ബിരുദ ധാരികളിൽ കുടുതൽ പേരും വീട്ടുകാരുടെ വിവാഹത്തെ അനുകൂലിച്ചപ്പോൾ എക്ണോമിക്സ്, സോഷ്യോളജി, ഫിസിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥികളിൽ നിന്നെടുത്ത അഭിപ്രായങ്ങൾ മൊത്തമായി അവലോകനം ചെയ്തപ്പോൾ താരതമ്യേന പ്രേമവിവാഹത്തിന് മുൻഗണന കാണുന്നു.

വീട്ടിലെയും വ്യക്തിപരമായും ഉള്ള എല്ലാ പ്രശ്നങ്ങളും പ്രണയിക്കുന്നവർ തുറന്ന് പറഞ്ഞാൽ പ്രണയ വിവാഹങ്ങൾ വിജയിക്കുമെന്നാണ് രണ്ടാംവർഷ ബി.എ. സോഷ്യോളജി വിദ്യാർത്ഥികളായ ഫൗസിയ, ആഷിഫ എന്നിവർക്ക് പറയാനുണ്ടായിരുന്നത്. ഇതേ ക്ലാസ്സിലെ മൻസൂർ അലി പ്രണയത്തിൽ സൗന്ദര്യത്തേക്കാൾ മനസ്സിനാണ് സ്ഥാനമെന്ന് പറഞ്ഞപ്പോൾ രണ്ടാംവർഷ ബി.എസ്.സി. മാത്സിലെ മുസമിലും സുബിലും സൗന്ദര്യം കഴിഞ്ഞേ മനസ്സ് വരുന്നുള്ളൂവെന്നായിരുന്നു പറഞ്ഞത്.

കണ്ണുകൾ തമ്മിൽ കഥ പറയുന്ന പ്രണയം കാമ്പസിൽ പലർക്കും പ്രായോഗികമാക്കാൻ കഴിയുന്നില്ല എന്നതാണ് ചില പ്രതികരണങ്ങൾ




വിരൽ ചൂണ്ടുന്നത്. ഇടനിലക്കാരില്ലാതെ കണ്ണുകൾ സംസാരിക്കുന്ന പ്രണയങ്ങൾ ഒത്തിരി പേരുടെ സ്വപ്നത്തിലെങ്കിലും ഉണ്ടെന്നത് പ്രണയത്തെ പ്രണയിക്കുന്ന കവികൾക്ക് ചെറിയൊരു സമാശ്വാസം. പ്രണയ സാഫല്യത്തിന് വേണ്ടി ഉരുകി തീരുന്ന ഹൃദയത്തെ കുറിച്ച് ഈ വിദ്യാർത്ഥികൾക്ക് സങ്കൽപിക്കാനുമാവുന്നുണ്ട് എന്നത് മറ്റൊരു സത്യം.

ഹൃദയത്തിൽ സ്വർഗ്ഗം പണിതുയർത്തുന്ന മാധുര്യം നിറഞ്ഞ പഴയ പ്രണയങ്ങൾക്ക് കാമ്പസിൽ തിരശ്ശീല വീഴുകയാണ്. പകരം ഉയരുന്നത് അളന്ന് തൂക്കി തിട്ടപ്പെടുത്തിയ ലാഭ നഷ്ടങ്ങളുടെ കണക്കെടുപ്പുകൾക്ക് ശേഷമുള്ള അളന്ന് മുറിച്ച പ്രണയങ്ങൾ. ഈ പ്രണയങ്ങൾ മനസ്സിന്റെ അകത്തളങ്ങളിൽ നിന്നും നിറഞ്ഞുയരുന്നവയല്ല. മറിച്ച് കമ്പോള സംസ്കാരം സമ്മാനിക്കുന്ന വില പേശൽ നയത്തിന്റെ ബാക്കി പത്രം മാത്രം. ഇവിടെ പ്രണയ തുമ്പികൾ തുള്ളുന്നില്ല. പറവകൾ പറക്കുന്നില്ല. താളം നഷ്ടപ്പെട്ട് എല്ലാം നിശ്ചലമായി ഗതിമാറി ഒഴുകി കൊണ്ടിരിക്കുന്നു.


മുഖാമുഖം

എൻ.കെ ജാഫർ

*രണ്ടാം വർഷം ബി.ബി.എസ്.*




# ഉൾക്കണ്ണുള്ളവർ പറയുന്നത്



**ആ** അപരാഹ്നം അങ്ങനെയായിരുന്നു. സ്കൂൾ ഗ്രൗണ്ടിൽ അങ്ങിങ്ങായി കുറച്ചുകുട്ടികൾ തങ്ങി നിൽക്കുന്നു. അവരുടെ കയ്യിൽ അറ്റങ്ങൾ കൂർത്ത ഒരു വടിക്കമ്പും, കുറച്ചുവലിയ ഒരു വടിയുമുണ്ട്. അവർ ഗ്രൗണ്ടിന്റെ മധ്യഭാഗത്തേക്ക് നടന്നു . ചെറിയൊരു കുഴിയുണ്ടാക്കി രണ്ട് ടീമുകളായി മാറിനിന്നു. കൂർത്ത മുനയുള്ള കമ്പ് കുഴിയിൽ വെച്ച് അതിലൊരുവൻ തോണ്ടിയെറിയുകയും, പിന്നീട് കോരിയെടുത്ത് അടിച്ചു തെറിപ്പിക്കുകയും ചെയ്തു. അവരുടെ കളി അധികനേരം നീണ്ടില്ല. ഗ്രൗണ്ടിന്റെ വലതുഭാഗത്ത് തന്റെ ഊഴവും കാത്തുനിന്നിരുന്ന ഒരു വെളുത്ത പയ്യൻ? അവനറിയാതെ ഒരു വടിക്കഷണം അവന്റെ ഇടത്തേ കണ്ണിന്റെ കൃഷ്ണമണിയിലേക്ക് തുളച്ചുകയറി.

'കുറ്റിയും കോലും' കളി, അങ്ങനെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുത്തിയപ്പോൾ ആ കളിക്ക് താൽക്കാലിക വിരാമമിടുകയായിരുന്നു. ക്രമേണ, ആ അരക്കണ്ണന്റെ മറ്റേക്കണ്ണും അന്ധതയുടെ കറുത്ത താഴ്‌വരയിലേക്ക് യാത്രയായി...... നിറങ്ങളും, ചിത്രങ്ങളും, മരങ്ങളും, മനുഷ്യനും അവനൊരേ രൂപത്തിലായി.

വെളിച്ചവും, നിറങ്ങളും അവനില്ലാതായപ്പോൾ കാഴ്ചയില്ലാത്ത ആ കണ്ണുകളിൽ നിന്ന് കണ്ണീർ കണങ്ങൾ അടർന്നടന്നു വീണുകൊണ്ടിരുന്നു. തന്റെ കണ്ണിന്റെ കാഴ്ചയെ ഓർത്ത് അവൻ കരഞ്ഞു തളരുകയായിരുന്നു. ഇനിയും അവൻ ദൈവത്തോട് പ്രാർത്ഥിച്ചില്ല..... അതിനു പകരം തന്നെ അന്ധനാക്കിയ ദൈവത്തെ ക്രൂരനെന്ന് വിളിച്ച് സംതൃപ്തിയടയുകയായിരുന്നു......... അടഞ്ഞുപോയ പുറംകണ്ണിന്റെ പരിമിതികളെ മാറ്റിവെച്ച്, അകക്കണ്ണിന്റെ നിറവെളിച്ചത്തിൽ അവർ മനസു തുറന്നു. പ്രണയവും, ക്യാമ്പസും എല്ലാം നിറഞ്ഞു നിന്ന ഒരു ചർച്ച. കെട്ടറിവുകൾക്കപ്പുറത്തെ സത്യങ്ങളിലേക്ക് അവർ അനുഭവത്തിന്റെയും അറിവിന്റെയും വാതിലുകൾ ഒന്നൊന്നായി തുറന്നിട്ടു.

വ്യത്യസ്ഥതകൾ നിറഞ്ഞ ലോകത്തിന്റെ ചെറിയൊരു പതിപ്പ് തന്നെയാണ് ക്യാമ്പസ് എന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. വേറിട്ടൊരു നിലനിൽപ് ക്യാമ്പസിന് അസാധ്യമാണ്. സമൂഹത്തിൽ ബാധിക്കുന്ന ജീർണ്ണതകളിൽ നിന്ന് മുഖം തിരിച്ച് ക്യാമ്പസ്സിനെ മാത്രം കുറ്റപ്പെടുത്തുന്നവരോട് അവർക്ക് യോജിപ്പുണ്ടായിരുന്നില്ല.

അർത്ഥവത്തായ രാഷ്ട്രീയം ക്യാമ്പസിലേക്ക് തിരിച്ചു വരണം. ഇന്ന് ക്യാമ്പസുകളിൽ രാഷ്ട്രീയമില്ലെന്നും, ആർക്കോ വേണ്ടി ചിന്തകൾ പണയപ്പെടുത്തിയ വഴിപാടുകൾ മാത്രമാണുള്ളതെന്നും ഇവർ അഭിപ്രായപ്പെട്ടു. ആദർശ ശുദ്ധിയുള്ള ഒരു രാഷ്ട്രീയ നേതാവുമില്ലെന്നാണ് കാമ്പസ്സിലെ രാഷ്ട്രീയത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവർക്ക് പറയാനുണ്ടായിരുന്നത്.

രാഷ്ട്രീയ ചർച്ച സ്വാഭാവികമായും മാധ്യമങ്ങളിലേക്ക് കടന്നു. വാർത്തകളിലുള്ള വിശ്വാസം മാധ്യമങ്ങളുടെ സ്വഭാവം അനുസരിച്ചാണ്. റേഡിയോ വാർത്തകളാണ് വർത്തമാനത്തിന്റെ വിവരവും പേറി ഇവരുടെ മാനസങ്ങളിൽ എത്തുന്നതിൽ മുഖ്യം. റീഡിങ്ങ് റൂമിൽ, ദിനപത്രങ്ങളിലെ പ്രധാനവാർത്തകൾക്ക് വേണ്ടി മറ്റുള്ളവരുടെ സഹായം തേടുമ്പോഴും വിവിധ പത്രങ്ങളുടെ ആദർശങ്ങളെക്കുറിച്ചും ഇവർ ബോധവാൻമാരാണെന്നത് സന്തോഷം പകരുന്നു.

ഞങ്ങളും സമൂഹത്തിന്റെ ഭാഗമാണെന്നവർ ഉറക്കെപറയുന്നു. സമൂഹത്തിന് അവരോടുള്ള പെരുമാറ്റത്തിൽ ഒരു പൊളിച്ചെഴുത്തുണ്ടായിട്ടുണ്ട്. ഞങ്ങൾ സഹതാപം അർഹിക്കുന്നവരാണെന്നും സഹായം അർത്ഥിക്കുന്നവരാണെന്നും ആധുനിക സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. യാത്രകളിൽ പണ്ടുണ്ടായിരുന്ന തിക്താനുഭവങ്ങൾക്ക് ഇപ്പോൾ മാറ്റമുണ്ടായിട്ടുണ്ട്. സമൂഹത്തിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതിയാണിതിനു കാരണമെന്നിവർ അനുമാനിക്കുന്നു. എങ്കിലും സമൂഹത്തിലിപ്പോഴും ക്രൂരന്മാരായ ഒരു ന്യൂനപക്ഷമുണ്ടെന്ന് ഇവർ പറയുന്നു. ബസ് എങ്ങോട്ടാണ് എന്നുള്ള ചോദ്യത്തിനുപോലും ഉത്തരം നൽകാൻ മടിക്കുന്നവരാണ് ഇവർ. അന്ധൻമാരുടെ വിദ്യാഭ്യാസം വെള്ളത്തിലെഴുതുന്നതിന് തുല്ല്യമാണെന്നു പോലും ചിലർ വാദിക്കുന്നത് വേദനാജനകമാണ്.

സംഭാഷണത്തിന്റെ ഗതി, നിറവും സൗന്ദര്യവുമായപ്പോൾ ചർച്ചാമുറിയിൽ വിഷാദാത്മകത തളംകെട്ടിനിന്നു. സൂര്യനെയും ചന്ദ്രനെയും കാണാതെ സന്ധ്യയെയും പുലർകാലവെളിച്ചവുമറിയാതെ, ജീവിതത്തിന്റെ ഇരുട്ടറയിലുള്ള ഇവരുടെ സൗന്ദര്യസങ്കൽപം ഏറെ ചിന്തനീയമാണ്. കണ്ണു തുറന്നിരിക്കുന്നവരുടെ സൗന്ദര്യസങ്കൽപങ്ങളേക്കാൾ എത്രയോ ഉദാത്തമാണ് ഇവരുടെ കാഴ്ച്ചപ്പാട്. സൗന്ദര്യവും ആപേക്ഷികമാണ്. അതനുഭവമായിട്ടിവർക്ക് തോന്നാം. അനുഭവങ്ങളും ഇടപഴകലുമാണ് സൗന്ദര്യമളക്കാനുള്ള ഇവരുടെ ഏകകം. തങ്ങളുടെ അറിവുകൾ സമുഹത്തിന് അനുബന്ധിതമായതിനാൽ, സൗന്ദര്യത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ സമൂഹത്തിൽ നിന്ന് ഏറെ ഭിന്നമല്ല.

നിറം ശാശ്വതമായ സത്യമാണെങ്കിലും തിരിച്ചറിയലാണ് അതിന്റെ ധർമ്മം. നിറങ്ങൾക്ക് മാറ്റമുണ്ടാകാമെങ്കിലും നിറമില്ലാതാകുന്നില്ല. കറുപ്പിന്റെ വെളിപ്പിന്റെയും അതിർത്തി രേഖ അറിയാത്ത ഇവർ എങ്ങനെയാണ് നിറം എന്ന സത്യത്തെ ഉൾക്കൊള്ളുന്നതെന്ന് ചോദിച്ചപ്പോൾ ഇവരിൽ മിക്കവരും കടുത്ത ദൈവവിശ്വാസികളാണെങ്കിലും ചിലരുടെ സങ്കൽപം വേറിട്ടു നിൽക്കുന്നു. ദൈവം ഒരു സ്വപ്നം മാത്രമാണെന്നും മതമെന്നത് മനുഷ്യന്റെ സമരായുധമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ജീവിതത്തിൽ കാഴ്ച നഷ്ടപ്പെടുത്തിയ ദൈവം പരിപൂർണ്ണനും നീതിമാനും അല്ല. ഈ ജീവിതത്തിന്റെ നിഴലും നിലാവും നഷ്ടമായതിന്റെ





വേദനയാവാം ഇവരെ ഇങ്ങനെ പറയിപ്പിച്ചത്.

ഒരുവേള സ്വപ്നത്തിന്റെ ഊർവരതയിൽ കാഴ്ച തിരിച്ചുകിട്ടിയാൽ എന്താണാദ്യം കാണാനിഷ്ടപ്പെടുന്നത് എന്ന ചോദ്യത്തിന് നിലാവും രാത്രിയുമെന്നാണ് ചർച്ചയിലെ ഒരു സജീവപങ്കാളി മറുപടി പറഞ്ഞത്. നിലാവിനെ കാഴ്ച നഷ്ടപ്പെടും മുമ്പേ ഏറെ ഇഷ്ടമാണെന്നും രാത്രിയുടെ നിലാവിനെ തൊട്ടറിയാൻ, എനിക്കിപ്പോഴും കഴിയുന്നുണ്ടെന്നും അയാൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ സദസ്സ് നിശബ്ദതയിലായിരുന്നു. മഴ ഒരു ചോദ്യത്തിന്റെ രൂപത്തിൽ അവതരിപ്പിച്ചപ്പോൾ പ്രത്യേകമായൊന്നും അനുഭവപ്പെടുന്നില്ല എന്നാണ് ഉത്തരം ലഭിച്ചത്.

പ്രണയിക്കുന്നവരാരോ അവർ സൗന്ദര്യം ഉള്ളവരാണ് എന്ന് പറഞ്ഞാണ് പ്രണയചർച്ചക്ക് തുടക്കം കുറിച്ചത്. ശബ്ദത്തെയാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്. ചർച്ചയിൽ പലരും വിവാഹത്തിലെത്തുന്ന പ്രണയത്തിന്റെ വക്താക്കളാകുകയായിരുന്നു. ഒരു സുപ്രഭാതത്തിൽ പരിചയപ്പെടുന്ന പെൺകുട്ടിയോട് പ്രണയം തോന്നില്ലെന്നും, നിരന്തരമായ സാമീപ്യത്തിൽ നിന്നാണ് പ്രണയത്തിന്റെ മഴവിൽക്കൊടി പൂത്തിറങ്ങുന്നതെന്ന് ഇവർ പറയുന്നു. ജാതിയും മതവും പ്രണയത്തെ തടസ്സപ്പെടുത്തുന്നില്ലെന്നു മനസ്സുകളുടെ പാരസ്പര്യമാണ് എല്ലാറ്റിനും മീതെ നിൽക്കുന്നതെന്നും വാദഗതിയുണർന്നു.

സ്ത്രീധനത്തെ ഒറ്റക്കെട്ടായി എതിർക്കുകയാണ് ഇവർ. അന്ധകാരത്തിലും, അനാചാരത്തെ തോൽപിക്കുവാനുള്ള ഇവരുടെ മനസ്സ് ക്യാമ്പസ് എന്തേ തൊട്ടറിയുന്നില്ല?

സമയം പാതിരാവോടടുത്തു. ചർച്ച നിർത്തി ഞങ്ങളെഴുന്നേൽക്കുമ്പോൾ ചവോക്ക് മരത്തിന്റെ തണലിൽ ഒത്തുകൂടുന്ന ആരാലും ശ്രദ്ധിക്കപ്പെടാത്ത ഈ കൂട്ടത്തിന്റെ ഉൾക്കാമ്പറിഞ്ഞതിന്റെ നിർവൃതിയിലായിരുന്നു ഞങ്ങൾ.

ക്ലാസ്സിൽ നിന്ന് ഹോസ്റ്റലിലേക്കും ഹോസ്റ്റലിൽ നിന്ന് ക്ലാസ്സിലേക്കുമുള്ള പതിവു സഞ്ചാരപഥത്തിനിടയിലെ കൂടിച്ചേരലും പിരിയലും ഈ രീതിയിൽ ഉയർന്നുവരുന്ന ചർച്ചകളും, സല്ലാപങ്ങളും ഫാറൂഖാബാദിന്റെ മാത്രം കാഴ്ചയാണ്. ഒരുപക്ഷെ കേരളത്തിൽ ഏറ്റവും കൂടുതൽ അന്ധവിദ്യാർത്ഥികൾ പഠിക്കുന്ന റെഗുലർകോളേജായ ഫാറൂഖ്കോളേജ് ഇവർക്കേറെ സൗകര്യങ്ങളേർപ്പെടുത്തിയിരിക്കുന്നു.

ക്യാമ്പസിന്റെ തിരക്കിനിടയിൽ ഒന്ന് കൈപിടിച്ച്, പേരുവിളിച്ച് ക്ഷേമം അന്വേഷിക്കുന്നവരെ മുഴുവൻ ഇവർക്ക് പേരെടുത്ത് വിളിക്കാൻ കഴിയും. ഭാവന അതിന്റെ സഹസ്രാ ദളങ്ങൾ വിരിയിക്കുന്ന ഇവരുടെ അകത്തളം ഏറെ പരിശുദ്ധമാണ്. ഓർമ്മകളും വികാരങ്ങളും ചിന്തകളും ഇവരെയും മുഖരിതമാക്കുന്നു. ഇവരുടെ മസ്തിഷ്കത്തിലെല്ലാം തിരിച്ചറിവിന്റെ ധാരണയുണ്ട്. അത് നമ്മൾ അംഗീകരിക്കുന്നുണ്ടോ?